
ആയുർവ്വേദം!
ലേഖനം
ശ്രീ ശേഖ രാംചന്ദ്

ആയുർവ്വേദം!

ലേഖനം

റ്റീ ക്കേ രാംചന്ദ്

ആയുർവ്വേദം!



ഭാരതത്തിന്റെ സ്വന്തം പരമ്പരാഗതചികിത്സാസമ്പ്രദായം ആണ്, ആയുർവ്വേദം. അക്കാരണത്താൽതന്നെ, അത് അതിന്റേതായ അന്തസ്സ് ആർജ്ജിക്കുന്നു. ആയുർവ്വേദം ഇന്നത്തേ നിലയിൽ വളർന്നതിനുശേഷമുള്ള കാര്യങ്ങൾ മാത്രമേ പുതുതലമുറകൾക്ക് അറിയാവു! അതെങ്ങനെ വളർന്നെന്നും, ആര് എങ്ങനെ, എന്തിന് വളർത്തിയെന്നും, ആർക്കുവേണ്ടി വളർത്തിയെന്നും മററുമുള്ള വിവരങ്ങൾ അവർക്ക് അറിഞ്ഞുകൂടാ.

രാജസ്ഥാൻ, മൈസൂർ, ഡൽഹി, കൊച്ചി, തിരുവിതാങ്കൂർ എന്നിവിടങ്ങളിൽ മാത്രം അപൂർവ്വമായി, ഉപയോഗത്തിലിരുന്ന ഒന്നാണ് ആയുർവ്വേദം. ആയുർവ്വേദമരുന്നുകൾ ഉണ്ടാക്കിവെച്ചിരുന്ന് വിൽപ്പന, വളരെ വിരളമായിരുന്നു. കണിയാർ എന്നൊരു ജാതിക്കാർ ഗണിതവും വൈദ്യവും മററും കുലത്തൊഴിലായി നടത്തിപ്പോന്നിരുന്നു, തിരുവിതാംങ്കൂറിൽ. ശരിക്കും വൈദ്യം അറിയാവുന്നവർ ചുരുക്കം ചിലർ മാത്രം. നമുക്ക് ഒരു മരുന്ന് ആവശ്യമെങ്കിൽ വൈദ്യൻ കുറുപ്പടി തരും, ഇന്നഇന്നവ വാങ്ങണമെന്ന്. പച്ചമരുന്ന് (ഹെർബ്, പച്ചമരുന്ന് എന്ന് പേരെങ്കിലും ഉണങ്ങിയവയും അതിൽ ഉൾപ്പെടും. ചിലതിന്റെ വേരായിരിക്കാം, ചിലതിന്റെ പൂവായിരിക്കാം: ഇല, തൊലി, കായ് അങ്ങനെ അവ വിത്യസ്തപ്പെട്ടിരിക്കും.) മാത്രം വിൽക്കുന്ന പച്ചമരുന്നുകടകൾ ഉണ്ട്. അവയിൽ നിന്ന് കുറുപ്പടിപ്പ്രകാരമുള്ളവ വാങ്ങി, വിവരം അറിയിച്ചാൽ, വൈദ്യൻ വീട്ടിൽ വന്ന് മരുന്ന് ഉണ്ടാക്കിത്തരും. അതായിരന്നു പതിവ്.

ഞാൻ ഇന്റർമീഡിയറ്റിന് ചേർന്നത് 1947 ജൂണിൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളജിലാണ്. അന്ന് തിരുവിതാംകൂർ, രാജഭരണത്തിൻ കീഴിലുള്ള ഒരു നാട്ടുരാജ്യമായിരുന്നു. തിരുവിതാംകൂറിൽ തിരുവനന്തപുരത്ത് മാത്രം ഒരു സ്കൂളിൽ ആയുർവ്വേദം പഠിപ്പിച്ചിരുന്നു. ആ സ്കൂളിന് മുമ്പിൽക്കൂടിയായിരുന്നു ഞാൻ രാവിലെ കോളജിലേക്കും, വൈകിട്ട് ലോഡ്ജിലേക്കും നടന്ന് പൊയ്ക്കൊണ്ടിരുന്നത്. ആഗസ്റ്റിൽ ഇന്ത്യ സ്വതന്ത്രമായി.

രാഷ്ട്രീയമുതലെടുപ്പിന് മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നവരുടെ ശുക്രദശ തെളിഞ്ഞു! സ്വന്തമായി ഒരു ചികിൽസാസമ്പ്രദായം ഉള്ള രാജ്യമാണ് ഇന്ത്യ. അതിന്റെ വളർച്ചക്കുവേണ്ടി രാഷ്ട്രീയപാർട്ടികൾ തമ്മിൽ മത്സരമായി! കേന്ദ്രത്തിൽ, ഭരണകക്ഷിയുടെ ഗൗർമെന്റ്, നിർലോഭം പണം മുടക്കി പരസ്യങ്ങൾ നൽകി.

ആയുർവ്വേദപുരോഗതിക്കായി മുന്നോട്ടുവരുന്നവർക്ക് ധനസഹായം നൽകി സഹായിച്ചു. തങ്ങളാണ് രാജ്യസ്നേഹികൾ എന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി രോഷ്ട്രീയപാർട്ടികൾ തമ്മിലുള്ള കിടമത്സരം കാരണം, ചുരിങ്ങിയ കാലഅളവിൽ ഏതാനും വർഷങ്ങൾകൊണ്ട് ആയുർവ്വേദം വളർന്നുപന്തലിച്ചു! **ചികത്സയുടെ മെച്ചം കൊണ്ടായിരുന്നു വളർന്നത് എങ്കിൽ വേണ്ടില്ല!** (ഒടുവിൽ മത്സരം സെൻട്രൽ ഗൗമെന്റും സ്റററയിറ്റ്ഗൗമെന്റും തമ്മിലായി! എല്ലാരും ആയുർവ്വേദത്തിന് ഡിഗ്രീകോഴ്സുകൾ തുടങ്ങി!) ഇന്ന് ആയുർവ്വേദം ഒരു ചികിത്സാരീതി എന്നതിലുപരി ഒരു വ്യവസായം ആയി രൂപാന്തരം പ്രാപിച്ചിരിക്കുന്നു! കെട്ടിലും മട്ടിലും ആയുർവ്വേദം, അലോപ്പതി മരുന്നുകളെ അനുകരിക്കുന്നത് നല്ലകാര്യം തന്നെ, അത് അതിൽ ഒതുങ്ങി നിന്നിരുന്നുവെങ്കിൽ! അതു മാത്രമല്ല, പുതുആയുർവ്വേദ മരുന്നുകൾക്ക് നാമധേയം ചെയ്യുന്ന കാര്യത്തിലും അത് കടന്നുകൂടിയിരിക്കുന്നു എന്നത് ഖേദകരമായ ഒരു സംഗതിയാണ്! പേരുകേട്ടാൽ, അലോപ്പതി മരുന്നാണെന്ന് ആളുകൾ തെറ്റിദ്ധരിക്കുവാൻ ഉതകുമാറ് ആണവ! ആയുർവ്വേദസ്നേഹമാണോ സ്വരാജ്യസ്നേഹമാണോ, മനുഷ്യനെ പററിക്കലാണോ; ഏതാണാവോ അതിന് അവരേ പ്രേരിപ്പിക്കുന്ന ഘടകം എന്ന് മനസ്സിലാക്കുക പ്രയാസം!

വൈദ്യൻ എന്നത് മാററി ഡോക്ക്ടർ എന്നാക്കി. (ദേശസ്നേഹം കൊണ്ടായിരിക്കണം) സ്റ്റെതോസ്കോപ്പ് ഉപയോഗിക്കുവാൻ തുടങ്ങി. മരുന്ന് കുത്തിവെയ്ക്കുവാൻ, ഓപ്പറേഷൻ നടത്തുവാൻ അനുമതി തേടി. അലോപ്പതി മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുവാൻ അധികാരം ലഭിക്കുവാൻ പോലും ശ്രമം നടത്തി! പക്ഷേ എന്തുകൊണ്ടോ ഗൗൺമെന്റ് ആ മൂന്നുകാര്യങ്ങൾക്കും അനുമതി നൽകുന്നില്ല! (ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു! രാജ്യസ്നേഹമോ ആയുർവ്വേദപ്രേമമോ ഒന്നുമായിരുന്നില്ല അവരുടെ ലക്ഷ്യം, ആയുർവ്വേദത്തിൽ ഡിഗ്രി എടുത്തുംകൊണ്ട് അലോപ്പതിച്ചികിത്സ നൽകുക എന്നതു മാത്രമായിരുന്നു എന്ന്! ഇത് വെളിപ്പെടുത്തുന്ന മറെറാരു കാര്യം, അവർക്കുതന്നെ ആയുർവ്വേദചകിത്സാസമ്പ്രദായത്തിൽ വിശ്വാസം ഇല്ല എന്നതല്ലേ?!) ഇന്ന് ആയുർവ്വേദം, ആയുർവ്വേദവ്യവസായികളുടെ ഒരു മത്സരരംഗമായി പരിണമിച്ചിരിക്കുന്നു! ആയുർവ്വേദഔഷധം കഴിച്ച് രോഗങ്ങൾ കൂടുതൽ ഭേദമായി അതിന്റെ പേരിലായിരുന്നു മത്സരമെങ്കിൽ വേണ്ടില്ല! പിന്നെയോ, മത്സരിച്ചുള്ള പ്രചാരണത്തിന്റെ ആധിക്യത്തിൽ മതിമയങ്ങിപ്പോയ പൗരസമൂഹത്തെ ചൂഷണം ചെയ്യുന്നതിനുവേണ്ടി! **ദേശാഭിമാനം നല്ലതാണ്. പക്ഷേ, അത് പൊക്കിപ്പിടിച്ച് പ്രജകളുടെ ആരോഗ്യം അടിയറവച്ചുകൊണ്ടുപോലുമാകണമതെന്നാണ് ആശയമെങ്കിൽ അതിനോട് യോജിക്കുക പ്രയാസം.** ഇപ്പോൾ ഗൗൺമെന്റിന്റെ പിടിയിൽ ആയുർവ്വേദം ഒതുങ്ങാത്ത ഒരവസ്ഥയിലാണ് എത്തിച്ചേർന്നിരിക്കുന്നത്! ഉണ്ടാക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം അളന്നുപരിശോധിച്ചു നോക്കുന്നതിനുള്ള സംവിധാനമൊന്നുംതന്നെ നിലവിലില്ല! ഒന്ന് ഉണ്ടാക്കിയെടുക്കുവാനും നിർവ്വാഹമില്ല! അതിന്, അംഗീകൃത രാസപ്രമാണം എന്നൊന്ന് ആയുർവ്വേദത്തിന് ഉണ്ടായിട്ടുവേണ്ടേ!?

(അഞ്ചുകൊല്ലം ഞാൻ തിരുവനന്തപുരത്ത് പഠിച്ചു. അക്കൊല്ലങ്ങളിലെല്ലാം ആയുർവ്വേദപാഠശാലയിൽ സ്റ്റ്രൈക്കായിരുന്നു. ആയുർവ്വേദപഠനം 'സർട്ടിഫിക്കററ് കോഴ്സ്സ്' ആക്കുന്നതിനുവേണ്ടി ആദ്യം; അടുത്തത് 'ഡിപ്ലോമ' ആക്കുന്നതിനുവേണ്ടി; മൂന്നാമത് അത് 'ഡിഗ്രി' ആക്കുന്നതിന്. അങ്ങനെ അവസാനം അതൊരു ഡിഗ്രീകോഴ്സായി മാറി. ആയുർവേദകലാനധി എന്നും മറ്റും ഉള്ള സ്ഥാനമാനങ്ങളിൽ സംതൃപ്തരായിരുന്നില്ല അവർ, ഡിഗ്രി തന്നെ വേണമായിരുന്നു അവർക്ക്! വൈദ്യൻ, ഭിഷഗ്വരൻ എന്നൊന്നും പോര, ഡോക്ടർ എന്നുതന്നെയുള്ള സ്ഥാനത്തിൽ തങ്ങൾ അറിയപ്പെടണം എന്നവാദവും അവർ സാധിച്ചെടുത്തു! ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമായി: ആയുർവേദം പഠിക്കുന്നവർക്ക്, ദേശാഭിമാനം ഒരു പ്രശ്നമല്ലെന്നും; ദേശാഭിമാനപ്രശ്നമെല്ലാം രാഷ്ട്രീയപ്പാർട്ടികളുടെ സൃഷ്ടി മാത്രമായിരുന്നെന്നും!)

ആയുർവ്വേദത്തിന്റെ സിദ്ധാന്തവും പ്രയോഗവും അശാസ്ത്രീയമാണ്! ഒരു ഹെർബിന്റെ കെമിക്കൽ കൺടന്റ് പോലും മനസ്സിലാക്കിക്കൊണ്ടല്ല ആയുർവ്വേദ മരുന്നുകളുടെ നിർമ്മിതി. പൊട്ടക്കണ്ണന്റെ മാവേൽ ഏറുമാതിരി, കുറേ ഹെർബ്സ് കൂട്ടിച്ചേർത്തൊരു മരുന്ന്: പലേരോഗങ്ങൾക്കും നൽകി കാണും അവ! ഏത് രോഗത്തിന് നൽകിയപ്പോഴാണോ, കുറച്ചെങ്കിലും രോഗശമനം അനുഭവപ്പെട്ടത് എന്നുവച്ചാൽ ആ രോഗത്തിന്റെ മരുന്നാക്കിക്കാണണം അത്, എന്ന നിഗമനത്തിൽ എത്തിച്ചേരുകയല്ലാതെ, മറ്റെന്തു പരീക്ഷണം ആണ് മൂവായിരം വർഷങ്ങൾക്കു മുൻപ് നടത്തിയിരിക്കുക എന്ന് ഊഹിച്ചെടുക്കുക വയ്യ. മൂവായിരം വർഷം പഴക്കമുള്ള ചികിത്സാസമ്പ്രദായം എന്നതുതന്നെ യഥാർദ്ധത്തിൽ ഒരു ന്യൂനതയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നില്ലേ?! അക്കാലത്തേ രോഗങ്ങൾ അങ്ങനെതന്നെ നിലനിൽക്കുകയല്ലല്ലോ! അവയ്ക്കും മാററം സംഭവിച്ചിട്ടില്ലേ?!

മനുഷനേ വിശ്വസിപ്പിക്കുവാൻ ദൈവത്തെ ഉപകരണമാക്കി! പാലാഴിമഥനത്തിൽ, പലതും പൊങ്ങിവന്നകൂട്ടത്തിൽ ഏററവും ഒടുവിലായി; ഒരു കൈയിൽ അമൃതും മറുകൈയിൽ ആയുർവ്വേദവുമായി ധന്വന്തരി വന്നു എന്ന് പുരാണം. വിഷ്ണു ധന്വന്തരിയായി അവതരിച്ചതാണെന്ന് പറയുന്നു അവിടെ. (സങ്കല്പത്തിന് യാതൊരു അതിർ വരമ്പുകളും ഇല്ല എന്നതിന് അത്യുത്തമ ഉന്നത ഉദാഹരണമാണ് പാലാഴി! ഒരു പാൽസമുദ്രം ഉണ്ടാകണമെങ്കിൽ, കറവപ്രായമുള്ള എത്ര കന്നുകാലികാലികളെ എത്ര ആളുകൾ എത്ര കാലം കറന്നാൽ ഒക്കും എന്നാലോചിച്ചാൽ മാത്രമേ, ആ സങ്കല്പത്തിന്റെ അതിക്രൂരത വെളിവാകുകയുള്ളു! പാലാഴി എന്നതേ വെറും സങ്കല്പസൃഷ്ടിയാകുമ്പോൾ, അതിൽ പൊങ്ങി വന്നതിന്റെ കാര്യം പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ! ഇതൊന്നും നടന്ന കാര്യങ്ങളല്ല, വെറും സങ്കല്പസൃഷ്ടികൾ മാത്രമാണെന്ന് വ്യക്തം.) വേറെ ഒരിടത്ത് പറയുന്നു, ധന്വന്തരി, ദൈവങ്ങളെ(എന്നു പറഞ്ഞാൽ വിഷ്ണു ഉൾപ്പടെ) ചികിത്സിക്കുന്ന വൈദ്യനാണെന്ന്! (ദൈവങ്ങൾക്ക് രോഗം വരുമോ?!) മറെറാരിടത്ത് പറയുന്നു: ധന്വന്തരി, വൈദ്യം പഠിച്ചത് ബ്രഹ്മാവിൽ നിന്നാണെന്ന്! ബ്രഹ്മാവിന് നാല് മുഖങ്ങൾ ഉള്ളത് നാല് വേദങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അധർവ്വവേദത്തിൽ, മന്ത്രങ്ങളും ഔഷധികളേ(ഹെർബ്സ്)ക്കുറിച്ചുള്ള വിവരങ്ങളും ഉണ്ട്. കേരളത്തിലും തമിഴ്നാട്ടിലും ധന്വന്തരിക്ക് ക്ഷേത്രങ്ങളുണ്ട്! ആ ദൈവികമായ ആത്മവൈശിഷ്ട്യത്തോട് ബഹുമാനം കാണിക്കുവാനായി; ഓരോ വർഷവും, വൈദ്യസംബന്ധിയായ ശാസ്ത്രപ്രവർത്തനരംഗത്തിന് മഹത്വപൂർണ്ണമായ സംഭാവന പ്രദാനം ചെയ്തിട്ടുള്ള ഒരാളിന്, ധന്വന്തരിപുരസ്കാരം, ഇന്ത്യാഗവൺമെന്റ് ഇപ്പോൾ നൽകി വരുന്നു!



അടുത്തകാലത്ത് എനിക്കൊരു സംശയമുണ്ടായി! ഇന്നും അത് അങ്ങനെതന്നെ തുടരുന്നു! അജമാംസരസായനവും, കരിങ്കുരങ്ങ് രസായനവും മറ്റും ആയുർവ്വേദ മരുന്നുകൾ ആണല്ലോ! അവ ആയുർവ്വേദം ഉണ്ടായ കാലം മുതലേ ഉള്ളവയാണോ അതോ പിന്നെ വല്ലവരും കൂട്ടിച്ചേർത്തതാണോ എന്നതാണ് സംശയം! പണ്ടേ ഉള്ളവയാണെങ്കിൽ! പിന്നെയും സംശയങ്ങൾ പൊന്തിവരുന്നു! ഹിന്ദുദൈവങ്ങൾ മാംസം കൊണ്ടുണ്ടാക്കിയ രസായനങ്ങൾ ഭക്ഷിച്ചിരുന്നുവോ?! പാലാഴിമഥനത്തിൽ ധന്വന്തരി അവതാരം അവസാനം പൊങ്ങിവന്നപ്പോൾ ഒരു കൈയിൽ ആയുർവേദം ആയിരുന്നല്ലൊ! അതിൽ ഈ രസായനം കാണണമല്ലോ!? പാലാഴിമഥനമേ ഒരു ക്രൂര ഭാവനയാകുമ്പോൾ ഇതിന്റെ കാര്യം പ്രത്യേകിച്ച് എന്തിരിക്കുന്നു!? വൻ കൃതികൾ രചിക്കുമ്പോൾ അങ്ങിങ്ങ് ചില പിശകുകൾ വന്നെന്നിരിക്കാം! ഏതായാലും ആ രചയിതാവിന് മുൻപിൽ സാഷ്ടാംഗം കൈ കൂപ്പി നമസ്കരിക്കാതിരിക്കുവാൻ ആരാലും പറ്റില്ല! നമസ്കരിച്ചുകൊള്ളുന്നു!

കരിങ്കുരങ്ങിന്റെ മാംസം ശാസ്ത്രജ്ഞർ ഗവേഷണം നടത്തി നോക്കി വിധിച്ചിട്ടുണ്ട് കരിങ്കുരങ്ങുമാംസത്തിന്, പ്രത്യേകമായിട്ട് യാതൊരു ഔഷധമൂല്യങ്ങളും (മെഡിസിണൽ വാല്യു) ഇല്ലെന്ന്! ഏതായാലും ഇന്ത്യയിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവിയാണ് കരിങ്കുരങ്ങ് ഇന്ന്!



പാവം കരിങ്കുരങ്ങ്! ആ കണ്ണുകളിലേക്ക് ഒന്ന് സൂക്ഷിച്ച് നോക്കു! വ്യാകുലത്തിന്റെയും സംശയത്തിന്റെയും ലക്ഷണങ്ങൾ അവിടെ നിഴലിച്ച് കാണുന്നില്ലേ?!

ആയുർവ്വേദമരുന്നുകളുടെ ഒരു പ്രത്യേകത അവ പത്തോ, ഇരുപതോ, മുപ്പതോ, നാൽപതോ ഒക്കെ ഹെർബ്സ് ആണ് ഓരോ മരുന്നും ഉണ്ടാക്കുന്നതിന് ഉപയോഗിക്കുക എന്നതാണ്! 40 ഹെർബ്സ് ചേർത്തുണ്ടാക്കുന്ന മരുന്നിൽ, ഈ 40 ഹെർബ്സുകളും ആ രോഗശമനത്തിന് ഉതകുന്നു എന്ന് വിശ്വസിക്കുക പ്രയാസമേറിയ ഒരു കാര്യമാണ്! പകുതിയിൽ കൂടുതൽ ഹെർബ്സ്, രോഗത്തെ ചെറുക്കുന്നുണ്ടായിരിക്കാം; അതുകൊണ്ടായിക്കുമല്ലോ അത് ആ രോഗത്തിന്റെ മരുന്നായി തീർന്നത്! (പക്ഷേ, അവ ഏതൊക്കെയാണെന്ന് അറിഞ്ഞുകൂടതാനും!) മരുന്നുകളിൽ, ബാക്കി അവശേഷിക്കന്ന ഹെർബ്സുകളിൽ, നിർദോഷമായവയും ദോഷകരമായവയും കാണുകയില്ലേ?! ഒരു മരുന്ന് ഉണ്ടാക്കുന്നതിന് 120-നു മേൽ ഔഷധികളാണ് ഉപയോഗിച്ചിരിക്കുന്നത്! ഈ മരുന്ന് ഉള്ളിൽ കഴിക്കാം, ദേഹത്ത് പുരട്ടാം, മൂക്കിൽ ഒഴിക്കാം! എന്റെ അറിവിൽ മറെറാരു മരുന്നും ലോകത്ത്

ഇതുപോലില്ല! ഔഷധികളുടെ എണ്ണം കൂടിയിരുന്നാൽ മരുന്നിൽ വിശ്വാസം കൂടും എന്ന് ആയുർവ്വേദം തരപ്പെടുത്തിയെടുത്തവർ കരുതിയിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കന്നു!

ആയുർവേദമരുന്നുകളുടെ മറെറാരു ന്യൂനത, പത്തും ഇരുപതും മുപ്പതും മറ്റും ഹേർബ്സ്സുകളുടെ അളവുകൾ ഒരേ തൂക്കമാണെന്നുള്ളതാണ്, അത് മൂന്ന് ദശാംശസ്ഥാനം വരെ! ആവശ്യമില്ലാതെ വിവിധ രാസവസ്തുക്കൾ ഒരേ അളവിൽ രോഗിക്ക് നൽകുകയല്ലേ ഇതിന്റെ ഫലം? ഇത് രോഗിക്ക് ഗുണം ചെയ്യുമോ ദോഷം ചെയ്യുമോ എന്നതിനേക്കുറിച്ചൊന്നും ആരും ചിന്തിക്കുവാൻ മിനക്കെടുന്നില്ല എന്നതാണ് ഇന്നത്തേ അവസ്ഥ! പരസ്യങ്ങളുടെ കഴിവ് അപാരമെന്ന് സമ്മതിക്കാതിരിക്കുവാൻ നിർവ്വാഹമില്ല!

ആയുർവ്വേദ മരുന്നുകൾക്ക് അനുബന്ധഫലം(സൈഡ് എഫക്ററ്) ഒന്നും ഇല്ലെന്നാണ് വയ്പ്. മാരകമായ ഒട്ടനവധി ഔഷധികളുണ്ടെന്നുള്ള കാര്യം വിസ്മരിക്കുവാൻ പററുന്നതല്ല; വളരെ വളരെ കുറഞ്ഞ അളവിൽ അവയിൽ ചിലത് മരുന്നിന്റെ ഗുണം ചെയ്തേക്കാമെങ്കിലും! പക്ഷേ ആ അളവ് അറിയുവാൻ എന്ത് ഉപാധിയാണാവോ ഉള്ളത്!? ആയുർവ്വേദചികിത്സയിൽ രോഗം ഭേദമാകുവാൻ കാലതാമസം ഉണ്ടെന്ന് അതിന്റെ വക്താക്കൾതന്നെ സമ്മതിക്കുന്നുണ്ട്. സത്യത്തിൽ ഒരു രോഗത്തിനും മരുന്നില്ല എങ്കിലും, എല്ലാ രോഗത്തിനും മരുന്ന് ആയുർവേദത്തിൽ ഉണ്ടെന്നാണ് അവകാശപ്പെടുന്നത്!

ആയുർവ്വേദമരുന്നുകൾ വൻതോതിൽ നിർമ്മിച്ച് വില്പന നടത്തുന്ന വ്യവസായികളിൽ കണ്ടുവരുന്ന ഒരു പ്രത്യേകത എടുത്തുപറയേണ്ടിയിരിക്കുന്നു! ആയുർവ്വേദം സ്വന്തമാക്കുവാനുള്ള ഒരു പ്രവണത അവരിൽ വളർന്നു വളർന്നു വന്നുകൊണ്ടേയിരിക്കുന്നു! എല്ലാ ആയുർവേദവ്യവസായികളും, സ്വന്ത ഉടമസ്ഥാവകാശത്തിൽ (പ്രൊപ്രിയെററി) പുതുആയുർവ്വേദമരുന്നുകൾ ഇറക്കുകയാണ്! കുറേ ഹേർബ്സ് ചേർത്തൊരു മരുന്ന്! ആയുർവേദബിരുദം ഉണ്ടോ, നിങ്ങൾക്ക് നിഷ്പ്രയാസം മരുന്നുനിർമ്മിതിക്ക് ഒരു ലൈസൻസ് സമ്പാദിക്കാം, അതിനുള്ള സ്ഥലസൗകര്യമുണ്ടെന്ന് അധികാരികളേ ബോധ്യപ്പെടുത്തിയാൽ!

'ഫുഡ്സ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ', ആയുർവേദമരുന്ന് നിർമാതാക്കളെ മാത്രമേ റജിസ്റ്റർ ചെയ്യാറുള്ളു. ആയുർവ്വേദമരുന്നുവില്പനക്ക് ലൈസൻസ് ആവശ്യമില്ലാത്തതിനാൽ ആ വ്യവസായം അനിയന്ത്രിതമായി വളർന്ന് 'ഫുഡ്സ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ'-ന്റെ കൈപ്പിടിയിൽ ഒതുങ്ങാത്ത ഒരു സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുന്നു ഇന്ന്! ആയുർവ്വേദ-ഉൽപ്പന്നങ്ങൾ, പൊതുവേ അവലോകനം ചെയ്യുകയോ, അംഗീകരിക്കയോ ചെയ്യുന്നില്ല 'ഫുഡ്സ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ'! ചുരുക്കിപ്പറഞ്ഞാൽ, ലൈസൻസ് ഉള്ള ഒരാൾക്ക് എന്തും ചെയ്യാം, മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ആരും വരുകയില്ല! (പരിശോധിക്കുവാൻ മാർഗ്ഗവും ഇല്ലെന്നത് യാഥാർത്ഥ്യം! **പുതുആയുർവ്വേദമരുന്നുകളുടെ നിർമ്മിതിയിൽ, അലോപ്പതി മരുന്ന് അനുയോജ്യമായവ, മായം ചേർക്കുന്നതായി ചില കിംവദന്തികൾ പ്രചാരത്തിൽ നിലനിൽക്കുന്നു!** ആയുർവ്വേദമരുന്നുകളിൽ അലോപ്പതി മരുന്നുകൾ കൂട്ടിച്ചേർത്തിട്ടുണ്ടോ എന്നെങ്കിലും കണ്ടുപിടിക്കുവാൻ ഒരു സംവിധാനം ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു! പരിശോധന ഒന്നുമില്ലാത്ത ഇന്നത്തേ രീതി അതെന്നും നിലനിർത്തുവാനുള്ള വ്യഗ്രതയിൽ; ആയുർവ്വേദമരുന്നിൽ സ്വാതന്ത്രിയലബ്ധിക്കു ശേഷം പൊതുജനങ്ങളിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള വിശ്വാസം, അങ്ങനെതന്നെ തുടർന്നുകൊണ്ടുപോകുന്നതിന് ഉതകുമാറ്, എന്തു നീചപ്രവൃത്തിക്കും, തയ്യാറായിരിക്കുന്നൂ മുതലെടുപ്പുകാർ!)

ആരെയും ഭയപ്പെടാതെ, അമിത ലാഭം കൊയ്യാവുന്ന ഒരേ ഒരു വ്യവസായം ആണ് ആയുർവ്വേദം ഇന്ന്! ചിലർ സ്വന്ത ഉടമസ്ഥാവകാശത്തിൽ, എല്ലാ രോഗങ്ങൾക്കും

പ്രത്യേകം ആയുർവേദമരുന്നുകൾ ഉണ്ടാക്കുന്നു! അതുണ്ടാക്കുന്നവർ അവരുടെ മരുന്നുകൾ എല്ലാം നല്ലതാണെന്നേ പറയുകയുള്ളു! 'കോൾഡ്'-നു പോലും അവർ ആയുർവ്വേദമരുന്ന് ഉണ്ടാക്കുന്നു! ശരിക്കും കോൾഡ് ആണെങ്കിൽ, അതിന് മരുന്നില്ല! ആരാലും, ഒരു ചികിത്സാ-സമ്പ്രദായത്തിലും, ഇന്നുവരെ അതിന്, ഒരു മരുന്ന് നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല! കാരണം അത് ഒരു രോഗം അല്ല എന്നതു തന്നെ! മനുഷ്യനിൽ രോഗപ്രധിരോധശക്തി(ഇമ്മ്യൂണിറ്റി) ഉൽപ്പാദിപ്പിക്കുവാൻ പ്രകൃതി സ്വയം വരുത്തിതീർക്കുന്ന ഒരവസ്ഥ മാത്രമാണത്! രണ്ടോ, മൂന്നോ, നാലോ ഒക്കെ ദിവസങ്ങൾ അത് നീണ്ടുനിന്നെന്നു വരാം! വ്യക്തിയുടെ ആരോഗ്യസ്ഥിതി അനുസരിച്ചിരിക്കും അത്! മരുന്ന് കഴിച്ചാലും കഴച്ചില്ലെങ്കിലും, മേൽ പറഞ്ഞ കാലയളവ് കഴിയുമ്പോൾ പനി തനിയേ ശമിച്ചിടും! വെറും കോൾഡ് ആണോ അല്ലിയോ എന്ന് തിരിച്ചറിയുക പ്രയാസമാകയാൽ മനുഷ്യൻ മരുന്നിൽ അഭയം തേടുന്നു, പലപ്പോഴും ആവശ്യമില്ലാതെ മരുന്ന് കഴിക്കുന്നു! കോൾഡ് ഒരു രോഗം അല്ല എന്നറിയാവുന്ന ഡോക്ടറന്മാർ തന്നെ, കോൾഡിന് മരുന്ന് നർമ്മിച്ചിറക്കുന്നു വിപണിയിലെങ്കിൽ, അവർക്ക് ഡോക്ടർ എന്ന പദവിയേക്കാൾ യോജിച്ചത് വ്യാപാരി എന്ന പദവി ആയിരിക്കുകയില്ലേ?!

അടുത്തകാലത്ത് ഒരു വാർത്ത കാണുവാനിടയായി, അയുർവ്വേദമരുന്നുകളിൽ ചിലവയിൽ സന്ദ്രത കൂടുതലുള്ള പല ലോഹങ്ങളും ഉണ്ടെന്നുള്ളത്! **''ഈയടെ 'ഓൺലൈനിൽ' ആയുർവേദമരുന്നുകൾ വരുത്തി പഠനം നടത്തിയപ്പോൾ കണ്ടെത്തുകയുണ്ടായി, ഐഎയ്യഞ്ച് വീതം ആയുർവ്വേദമരുന്നുകൾ എടുത്താൽ, എല്ലാ അഞ്ചിലും ഒന്നിൽ, ലെഡ്ഡോ, ആർസനിക്കോ, മെർക്കുറിയോ, ഉണ്ടെന്ന്! വളരെ ചെറിയ തോതിൽ ലെഡ്ഡ് വയറിന് പ്രശാന്തത നൽകിയേക്കാം. ചില തരം ക്യാൻസറിന്റെ ചികിത്സക്ക് ആർസനിക്ക് ഉപയോഗിക്കാം. (പക്ഷേ, സ്കിൻ, ലങ്ങ് ആന്റ് ബ്ളാഡർ ക്യാസർ സൃഷ്ടിച്ചെന്നും വരാം.) മെർക്കുറി ടോക്ക്സിക്ക് ആകയാൽ ബാക്റ്റീരിയയേ കൊല്ലുവാൻ അത് ഉപയോഗിച്ചിരുന്നു.''** അവയുടെ അളവ് കുറവോ കൂടുതലോ എന്ന് തിരിച്ചറിയുവാൻ യാതൊരു മാർഗ്ഗവും ആയുർവ്വേദത്തിൽ ഇല്ല, മേൽപറഞ്ഞ രോഗങ്ങളുടെ ചികിത്സക്കാണ് അവ ഉപയോഗിക്കുന്നത് എന്നങ്ങ് കണക്കാക്കിയാൽ പോലും! കാരണം, ഒരേ അളവിലല്ലേ അതിൽ ഒത്തിരി പച്ചമരുന്നുകൾ എടുക്കുക എന്നത് തന്നെ! ഒന്നിലും എന്തൊക്കെ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു എന്നതിനേക്കുറിച്ച് യാതൊരു ഊഹാപോഹങ്ങൾ പോലുമില്ലാതെ!

രോഗി സ്വയം ഡോക്ടർക്ക് വിശദീകരിച്ച് നൽകുന്ന വിവരങ്ങൾ അല്ലാതെ; രക്തം, മൂത്രം, മലം ആദിയായവ പരിശോധിച്ച് പോരായ്മളും ന്യൂനതകളും കണ്ടുപിടിച്ച് അവ കണക്കിലെടുത്തുള്ള ചികിത്സാസമ്പ്രദായം അലോപ്പതിയിലല്ലാതെ മറെറാരു ചികിത്സാരീതിയിലും ഇല്ല! രക്തമർദമളക്കൽ, ആന്തരായവയവങ്ങളുടെ ന്യൂനതകൾ കണ്ടെത്തൽ ഇതെല്ലാം അലോപ്പതിയുടെ മാർഗ്ഗങ്ങളാണ്. ഹൃദയത്തിനും, ശ്വാസകോശങ്ങൾക്കും, എല്ലിനും, പല്ലിനും, അങ്ങനെ എല്ലാത്തിനും പ്രത്യേകം പ്രത്യേകം, വിദഗദ്ധഡോക്ടറന്മാർ ഉണ്ട് അലോപ്പതിയിൽ! ആയുർവ്വേദത്തിൽ എല്ലാ അവയവങ്ങളുടെ രോഗത്തിനും കൂടി ഒരേ ഒരു ഡോക്ടർ: എല്ലും, പല്ലും, കണ്ണം, ചെവിയും, തൊലിയും, ഹൃദയവും, ശ്വാസകോശവും അങ്ങനെ എല്ലാത്തിനും കൂടി ഒരേയൊരു ഭിഷഗ്വരന്റെ ആവശ്യമേയുള്ളു! പ്രത്യേകം പ്രത്യേകം ശരീരഭാഗങ്ങളിൽ തീവ്രപഠനം നടത്തി അതിൽ നൈപുണ്യം നേടുവാൻ ആയുർവ്വേദത്തിൽ മാർഗ്ഗങ്ങൾ ഒന്നും ഇല്ല!

കോവിഡ്ഡ്19 കാലത്തെ, ആ രോഗം പിടിപെടാതിരിക്കുവാൻ ചെയ്യേണ്ട കാര്യങ്ങൾ (ആയുർവ്വേദ മാർഗ്ഗങ്ങൾ) മുറക്ക് 'സോഷ്യൽ മീഡിയയിൽ'വന്നുകൊണ്ടേയിരുന്നു. 'സ്റ്റീം ഇൻഹെയ്‌ലേഷൻ,' (വാർത്തയിൽ 'സ്റ്റീം' വിൽക്കുന്ന ഒരു കട കാണിച്ചു. 'വാട്ടർ പൈപ്പ്' പോലുള്ള കുഴൽ മാർഗ്ഗം, 'സ്റ്റീം' വരുന്നു! ഒരേ സമയം നാലഞ്ചുപേർക്ക് 'സ്റ്റീം' ശ്വസിക്കുവാനുള്ള സജ്ജീകരണങ്ങളോടുള്ള കട!)

പച്ചകർപ്പൂരം കഴിക്കൽ, കർപ്പൂരവും മറെറന്തോ രണ്ടു സാധനങ്ങൾ(മറന്നുപോയി) വെള്ളത്തിലിട്ട് തിളപ്പിച്ച് ആവി ശ്വസിക്കുക! 'സോഷ്യൽ മീഡിയയിൽ' വരുന്ന വാർത്തകൾ അപ്പാടേ ആരും വിശ്വസിക്കരുത്! അവയിൽ പലതും ആധികാരികാരികമായവ ആയിരിക്കുകയില്ല! ആധികാരികമായാൽ പോലും അവ അങ്ങനെതന്നെ വിശ്വസിച്ചുകൂടാ! അവ അപൂർണ്ണമായിരിക്കാം! പ്രധാനപ്പെട്ട പല കാര്യങ്ങളും വിട്ടുപോയെന്നിരിക്കാം! ചെറുപ്പക്കാർക്ക്, ചിലപ്പോൾ വളരെ ചെറുതോതിൽ മരുന്നായി പ്രവർത്തിച്ചേക്കാവുന്ന വിഷം, കുട്ടികളിലും പ്രായം ചെന്നവരിലും, മരുന്നായി പ്രവർത്തിക്കുന്നതിന് പകരം വിഷമായിത്തന്നെ പ്രവർത്തിച്ചെന്നിരിക്കാം! ഏതുമരുന്നായാലും, അവ കുട്ടികൾക്കും പ്രായം ചെന്നവർക്കും കഴിക്കുവാൻ പറ്റിയവ ആണോ അല്ലിയോ എന്ന് വേണ്ടപ്പെട്ടവർ മുൻകൂർ അനേഷിക്കേണ്ടത് അവശ്യം ആവശ്യമാണ്! അല്ലായ്കിൽ അവ വിന വരുത്തിവച്ചെന്നിരിക്കും!

ആയുർവ്വേദമരുന്നുകളിൽ അന്ധമായി വിശ്വസിക്കുന്നത് ആപത്താണ്. ശരിക്കുള്ള ചികിത്സ രോഗിക്ക് ലഭിക്കുവാൻ, ആ അന്ധമായ വിശ്വാസം, ഒരു തടസ്സം ആകുവാൻ ഒരിക്കലും അനുവദിച്ചുകൂടാ! ശരിയായ അംഗീകൃത നിലവാരം ലോകമെമ്പാടും വച്ചുപുലർത്തപ്പെടുന്ന അലോപ്പതിക്ക്, സൈഡ്-എഫക്റ്റ് പ്രശ്നമുണ്ടെങ്കിലും; അതിനു പകരം നില്ക്കുവാൻ യോഗ്യത, മറ്റൊരു ചികിത്സാസമ്പ്രദായത്തിനും ഇല്ല എന്നതാണ് സത്യം: പ്രത്യേകിച്ച് ഗൗരവമേറിയ ആരോഗ്യക്ഷതാവസ്ഥയിൽ!

ആയുർവ്വേദമരുന്നുകളും, അലോപ്പദി മരുന്നുകളും കഴിവതും ഒരുമിച്ച് ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്! (ആയുർവ്വേദമരുന്നുകൾ, അലോപ്പതി മരുന്നുകളുമായി അന്യോന്യം വർത്തിക്കുകയോ, എതിരായി പ്രവർത്തിക്കുകയോ ചെയ്യും!) വിത്യസ്ഥരോഗങ്ങൾക്കാണെങ്കിൽ കുഴപ്പം ഇല്ല. അര മണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ ഇടവേള രണ്ടും തമ്മിൽ ഉണ്ടായിരിക്കുവാൻ ശ്രദ്ധിച്ചാൽ മതി. ഒരേ രോഗത്തിന് ഒരിക്കലും, രണ്ടുചികിത്സാസമ്പ്രദായത്തിന്റെയും മരുന്നുകൾ, ഇടവേളകൊടുത്താണെങ്കിൽപോലും കഴിക്കുവാൻ പാടില്ല. അത് ആപത്താണ്. രണ്ടുമരുന്നുകളും ശരിക്ക് പ്രവർത്തിച്ചാൽ 'ഓവർഡോസ്സ്' ആയി 'കോംപ്ളിക്കേഷൻസ്സ്' വരുത്തിവയ്ക്കും!

ആയുർവ്വേദകമ്പം ഇന്ത്യാക്കാരിൽ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നത് വ്യക്തമായി മനസ്സിലാക്കിയ വൻ കമ്പനികൾ അത് മുതലെടുക്കുന്നു! ആയുർവ്വേദീകരണം എന്നോണം, അവരുടെ ഉല്പ്പന്നങ്ങളിൽ ഏതാനും 'ഹേർബ്ബ്സു'കളൂടെ കൂട്ടിച്ചേർത്ത് അത് മുഴപ്പിച്ചുകാണിച്ച് പ്രാധാന്യം നൽകി കാശ് വാരിക്കൂട്ടുന്നു! മറ്റു ചിലർ പുതിയ ഉല്പന്നങ്ങളേ പുറത്തിറക്കുന്നു.

(((((((o)))))))

അനുബന്ധം

ചിലരിൽ മരുന്നായി ഗുണം ചെയ്യുന്നതിനുപകരം, ഏതു നമിഷവും വിഷമായിമാറിയേക്കാവുന്ന ചില ഔഷധികളുടെ ചിത്രങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്!



ഏതെല്ലാം രാസപദാർത്ഥങ്ങളാണ് ഓരോ ഔഷധികളിലും അടങ്ങിയിരിക്കുന്നത് എന്നതിനേക്കുറിച്ച് യാതൊരറിവും ഇല്ലാതെയാണ് ആയുർവ്വേദമരുന്നുകളുടെ നിർമ്മിതി! ഇന്ന ഔഷധി ഇന്ന അസുഖത്തിന് കൊള്ളാം എന്ന കേട്ടുകേഴ്വിയുടെ അടിസ്ഥാനത്തിൽ ആയിരിക്കുമോ?! പക്ഷേ ഇത്ര അധികം ഔഷധികൾ ഒരു മരുന്നുനിർമ്മിതിയിൽ ചേർക്കുവാൻ കേട്ടുകേഴ്വിയിൽ കൂടി ലഭ്യമാകുവാനിടയില്ല! അതുകൊണ്ട്, ഈ ലേഖനം ആരംഭിച്ചപ്പോൾ ഞാൻ അഭിപ്രായപ്പെട്ട ആ മാർഗ്ഗം തന്നെയായിരിക്കാം സ്വീകരിച്ചത്! ''ആയുർവ്വേദത്തിന്റെ സിദ്ധാന്തവും പ്രയോഗവും അശാസ്ത്രീയമാണ്! ഒരു ഹെർബിന്റെ കെമിക്കൽ കൺടന്റ് പോലും മനസ്സിലാക്കിക്കൊണ്ടല്ല ആയുർവ്വേദ മരുന്നുകളുടെ നിർമ്മിതി. പൊട്ടക്കണ്ണന്റെ മാവേൽ ഏറുമാതിരി, കുറേ ഹെർബ്സ് കൂട്ടിച്ചേർത്തൊരു മരുന്ന്: പലേരോഗങ്ങൾക്കും നൽകി കാണും അവ! ഏത് രോഗത്തിന് നൽകിയപ്പോഴാണോ, കുറച്ചെങ്കിലും രോഗശമനം അനുഭവപ്പെട്ടത് എന്നുവച്ചാൽ ആ രോഗത്തിന്റെ മരുന്നാക്കിക്കാണണം അത്, എന്ന നിഗമനത്തിൽ എത്തിച്ചേരുകയല്ലാതെ, മററെന്തു പരീക്ഷണം ആണ് മൂവായിരം വർഷങ്ങൾക്കു മുൻപ് നടത്തിയിരിക്കുക എന്ന് ഊഹിച്ചെടുക്കുക വയ്യ.''

(((((o)))))